| 17-10-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ - ഏതുപോലെയാണോ ബാബ 21 ജന്മങ്ങളിലേക്ക് വേണ്ടി സുഖത്തിന്റെ സമ്പത്ത് നൽകുന്നത് അതുപോലെ താങ്കൾ കുട്ടികളും ബാബയുടെ സഹായിയാകൂ, പ്രീത-ബുദ്ധിയാകൂ, ഒരിക്കലും ദുഃഖം നൽകുന്നതിന്റെ ചിന്ത പോലും വരരുത്

**ചോദ്യം:-** നിങ്ങൾ രൂപ്-ബസന്തായ കുട്ടികളുടെ കർത്തവ്യം എന്താണ്? നിങ്ങൾക്ക് ബാബയുടെ ഏതെല്ലാം ശിക്ഷണങ്ങളാണ് ലഭിച്ചിട്ടുള്ളത്?

**ഉത്തരം:-** നിങ്ങൾ രൂപ്-ബസന്തായ കുട്ടികളുടെ കർത്തവ്യമാണ് വായിലൂടെ സദാ രത്നം പൊഴിക്കുക, നിങ്ങളുടെ വായിൽ നിന്ന് ഒരിക്കലും കല്ല് വരരുത്. സർവ്വ കുട്ടികൾക്കുമുള്ള ബാബയുടെ ശിക്ഷണമാണ് 1. ഒരിക്കലും പരസ്പരം ശല്യപ്പെടുത്തരുത്, ദേഷ്യപ്പെടരുത്, ഇത് ആസുരീയ മനുഷ്യരുടെ ജോലിയാണ്. 2. മനസ്സിൽപ്പോലും ആർക്കും ദുഃഖം നൽകുന്നതിന്റെ ചിന്ത വരരുത്. 3. നിന്ദ-സ്തുതി, മാനം-അപമാനം എല്ലാം തന്നെ സഹിക്കണം. അഥവാ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ശാന്തമായിരിക്കണം. നിയമം കയ്യിലെടുക്കരുത്.

**ഗീതം:-** നീ സ്നേഹത്തിന്റെ സാഗരമാണ്....

**ഓം ശാന്തി**. ജ്ഞാനവും അജ്ഞാനവും. നിങ്ങൾ കുട്ടികളിൽ ഇപ്പോൾ ജ്ഞാനമുണ്ട് - ഭക്തർ ആരുടെ മഹിമയാണോ ചെയ്യുന്നത് അതുപോലെ നിങ്ങൾ ആരാണോ ഇവിടെയിരിക്കുന്നത് ആ നിങ്ങൾ ആരുടെ മഹിമയാണ് കേൾക്കുന്നത്? രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. അവരാണെങ്കിൽ വെറുതെയങ്ങനെ മഹിമ പാടിക്കൊണ്ടിരിക്കുന്നു. അത്രയും സ്നേഹമില്ല എന്തുകൊണ്ടെന്നാൽ തിരിച്ചറിവില്ല. നിങ്ങൾക്ക് ബാബ തിരിച്ചറിവ് നൽകിയിട്ടുണ്ട്, ഞാൻ സ്നേഹത്തിന്റെ സാഗരനാണ് നിങ്ങളെയും സ്നേഹത്തിന്റെ സാഗരമാക്കിക്കൊണ്ടിരിക്കുന്നു. സ്നേഹത്തിന്റെ സാഗരനായ ബാബയെ എല്ലാവർക്കും വളരെ പ്രിയമാണ്. വൈകുണ്ഢത്തിലും എല്ലാവരും പരസ്പരം സ്നേഹിക്കുന്നു. അത് നിങ്ങൾ ഇവിടെ പഠിക്കുകയാണ്. ആരോടും വിരോധമുണ്ടായിരിക്കരുത്, അവരെയാണ് ബാബ ഉപ്പുവെള്ളമെന്ന് പറയുന്നത്. ഉള്ളിൽ ആരോടും വെറുപ്പുണ്ടായിരിക്കരുത്. ദേഷ്യപ്പെടുന്നത് കലിയുഗീ നരകവാസികളാണ്. അറിയാം നമ്മളെല്ലാവരും സഹോദരീ-സഹോദരൻമാരാണ്. ശാന്തിധാമത്തിലാണെങ്കിൽ സഹോദര-സഹോദരങ്ങളാണ്. എപ്പോൾ ഇവിടെ ഈ കർമ്മക്ഷേത്രത്തിൽ പാർട്ടഭിനയിക്കുന്നോ, അപ്പോൾ സഹോദരീ-സഹോദരന്മാരാണ്. ഈശ്വരീയ സന്താനങ്ങളാണ്. ഈശ്വരന്റെ മഹിമയാണ് അവിടുന്ന് ജ്ഞാനത്തിന്റെ സാഗരമാണ്, പ്രേമത്തിന്റെ സാഗരമാണ്, അതായത് എല്ലാവർക്കും സുഖം നൽകുന്നു. നിങ്ങളെല്ലാവരും ഹൃദയത്തോട് ചോദിക്കൂ - ഏതുപോലെയാണോ ബാബ ഭാവിയിലെ 21 ജന്മങ്ങളിലേക്ക് വേണ്ടി സുഖം നൽകുന്നത് അതുപോലെ ഞാനും ആ കർത്തവ്യം ചെയ്യുന്നുണ്ടോ? അഥവാ ബാബയുടെ സഹായിയാകുന്നില്ലെങ്കിൽ, സ്നേഹിക്കുന്നില്ലെങ്കിൽ, പരസ്പരം സ്നേഹമില്ലെങ്കിൽ, വിപരീതബുദ്ധിയായി കഴിയുകയാണെങ്കിൽ നാശമുണ്ടാകുന്നു. വിപരീതബുദ്ധിയാകുക അസുരൻമാരുടെ ജോലിയാണ്. സ്വയം ഈശ്വരീയ സമ്പ്രദായിയെന്ന് പറഞ്ഞ് പിന്നീട് മറ്റുള്ളവർക്ക് ദുഃഖം നൽകുന്നവരെ അസുരൻമാരെന്ന് പറയുന്നു. നിങ്ങൾ കുട്ടികൾ ആർക്കും ദുഃഖം നൽകരുത്. നിങ്ങൾ ദുഃഖ -ഹർത്താ സുഖ- കർത്താവായ ബാബയുടെ കുട്ടികളാണ്. അതുകൊണ്ട് നിങ്ങൾക്ക് ദുഃഖം നൽകുന്നതിന്റെ ചിന്ത പോലും വരരുത്. ദുഃഖം നൽകുന്നവർ ആസുരീയ സമ്പ്രദായികൾ തന്നെയാണ്, അല്ലാതെ ഈശ്വരീയ സമ്പ്രദായികളല്ല എന്തുകൊണ്ടെന്നാൽ ദേഹ-അഭിമാനികളാണ്. അവർക്കൊരിക്കലും ഓർമ്മയുടെ യാത്രയിൽ ഇരിക്കാൻ സാധിക്കില്ല. ഓർമ്മയുടെ യാത്ര കൂടാതെ മംഗളമുണ്ടാകുകയില്ല. സമ്പത്ത് നൽകുന്ന ബാബയെ തീർച്ചയായും ഓർമ്മിക്കണം എങ്കിൽ വികർമ്മം വിനാശമാകും. അരകൽപം മറ്റുള്ളവർക്ക് ദുഃഖം നൽകിയാണ് വന്നത്. പരസ്പരം വഴക്കടിച്ച് ശല്യപ്പെടുത്തിക്കൊണ്ടിരിക്കുക, അവരെ ആസുരീയത്തിൽ ഉൾപ്പെടുത്തുന്നു. പുരുഷാർത്ഥിയായാലും ഏതുവരെ ദുഃഖം തന്നെ നൽകിക്കൊണ്ടിരിക്കുന്നുണ്ട് എന്നറിയാനാണ് തന്റെ ചാർട്ട് വെക്കൂ എന്ന് ബാബ പറയുന്നത്. ചാർട്ട് വെക്കുന്നതിലൂടെ അറിയാൻ സാധിക്കും - എന്റെ രജിസ്റ്റർ ശരിയാകുന്നുണ്ടോ അതോ അതേ ആസുരീയ പെരുമാറ്റം തന്നെയാണോ? ബാബ സദാ പറയുന്നു ഒരിക്കലും ആർക്കും ദുഃഖം നൽകരുത്. നിന്ദ-സ്തുതി, മാനം-അപമാനം, ചൂട്-തണുപ്പ് എല്ലാം സഹിക്കണം. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ശാന്തമായിരിക്കണം. അല്ലാതെ അതിന് രണ്ട് വാക്ക് കൂടുതൽ പറയുക അങ്ങിനെയാകരുത്. ആരെങ്കിലും ആർക്കെങ്കിലും ദുഃഖം നൽകുകയാണെങ്കിൽ ബാബ മനസ്സിലാക്കിക്കൊടുക്കില്ലേ. കുട്ടികൾക്ക് കുട്ടികളോട്

പറയാൻ സാധിക്കില്ല. നിയമത്തെ കയ്യിലെടുക്കരുത്. എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ബാബയുടെ അടുത്ത് വരണം. ഗവൺമെന്റിൽ പോലും നിയമമുണ്ട് – ആർക്കും ആരേയും കൈകൊണ്ടടിക്കാൻ പോലും സാധിക്കില്ല. പരാതിപ്പെടാൻ സാധിക്കും. നിയമമെടുക്കുക സർക്കാരിന്റെ ജോലിയാണ്. നിങ്ങളും ഗവൺമെന്റിന്റെ അടുത്ത് പോകൂ. നിയമം കയ്യിലെടുക്കരുത്. ഇതാണെങ്കിൽ നമ്മുടെ വീടാണ് അതുകൊണ്ടാണ് ബാബ പറയുന്നത് ദിവസവും കച്ചേരിചേരൂ. ശിവബാബ ആജ്ഞ നൽകുകയാണ്–ഇതുപോലും മനസ്സിലാക്കുന്നില്ല. ബാബ പറഞ്ഞിട്ടുണ്ട് എപ്പോഴും മനസ്സിലാക്കൂ ശിവബാബയാണ് കേൾപ്പിക്കുന്നത്. ബ്രഹ്മാവാണ് കേൾപ്പിക്കുന്നതെന്ന് കരുതരുത്. എല്ലായ്പ്പോഴും ശിവബാബയെന്ന് തന്നെ മനസ്സിലാക്കൂ എങ്കിൽ ബാബയുടെ ഓർമ്മയുണ്ടായിരിക്കും. ഇത് നിങ്ങൾക്ക് ജ്ഞാനം കേൾപ്പിക്കുന്നതിന് വേണ്ടി ശിവബാബ എടുത്ത രഥമാണ്. സതോപ്രധാനമാകുന്നതിനുള്ള വഴി ബാബ മനസ്സിലാക്കിത്തന്നു കൊണ്ടിരിക്കുന്നു. ആ ബാബ ഗുപ്തമാണ്. നിങ്ങൾ പ്രത്യക്ഷമാണ്. എന്ത് നിർദ്ദേശം വന്നാലും മനസ്സിലാക്കൂ ശിവബാബയുടേതാണ് എങ്കിൽ നിങ്ങൾ സുരക്ഷിതമായിരിക്കും. നിങ്ങൾ ബാബാ– ബാബാ എന്ന് ശിവനെത്തന്നെയാണ് പറയുന്നത്. സമ്പത്തും ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്. അങ്ങനെയുള്ള ബാബയോട് എത്ര ആദരവോടും, കുലീനവുമായി ഇരിക്കണം. നിങ്ങൾ ബാബയോട് ലക്ഷ്മീ–നാരായണനാകുമെന്നല്ലേ പറയുന്നത്. എന്നിട്ട് സെക്കന്റും തേഡുമാകുന്നു, സൂര്യവംശിയായില്ലെങ്കിൽ ചന്ദ്രവംശിയാകും. ഞങ്ങൾ ദാസ–ദാസിയാകാം അങ്ങനെയല്ല. പ്രജയാകുന്നത് അത്ര നല്ലതല്ല. നിങ്ങൾക്ക് ഇവിടെത്തന്നെ ദൈവീകഗുണം ധാരണ ചെയ്യണം. ആസുരീയ പെരുമാറ്റം ഉണ്ടായിരിക്കരുത്. നിശ്ചയമില്ലെങ്കിൽ പിന്നീട് ഇരുന്നിരുന്ന് ഇങ്ങനെ പറയും, ഇദ്ദേഹത്തിൽ ശിവബാബ വരുന്നു – എനിക്ക് മനസ്സിലാകുന്നില്ല. മായയുടെ കൊടുങ്കാറ്റ് വരുന്നതിലൂടെ പരസ്പരം ഇങ്ങിനെ പറയുന്നു. ആസുരീയ സ്വഭാവമുള്ളവർ പരസ്പരം ചേർന്നാൽ ഇങ്ങനെ പറയാൻ തുടങ്ങുന്നു, ആസുരീയ കാര്യങ്ങൾ തന്നെ വായിൽ നിന്ന് വരുന്നു. ബാബ പറയുന്നു നിങ്ങൾ ആത്മാവ് രൂപ്–ബസന്താകുന്നു. നിങ്ങളുടെ വായിലൂടെ രത്നം മാത്രം വരണം. അഥവ കല്ല് വരുന്നുണ്ടെങ്കിൽ അർത്ഥം ആസുരീയ ബുദ്ധിയാണ്.

ഗീതവും കുട്ടികൾ കേട്ടു. കുട്ടികൾ പറയുന്നു – ബാബ സ്നേഹത്തിന്റെ സാഗരം, സുഖത്തിന്റെ സാഗരമാണ്. ശിവബാബയുടെ തന്നെ മഹിമയാണ്. ബാബ പറയുന്നു നിങ്ങൾ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇതിൽ വളരെ നല്ല–നല്ല കുട്ടികൾ തോറ്റ് പോകുന്നു. ദേഹീ–അഭിമാനി സ്ഥിതിയിൽ ഉറക്കാൻ സാധിക്കുന്നില്ല. ദേഹീ–അഭിമാനിയാകണം അപ്പോഴേ ഇത്രയും ഉയർന്ന പദവി നേടൂ. പല കുട്ടികളും വ്യർത്ഥമായ കാര്യങ്ങളിൽ വളരെ സമയം പാഴാക്കുന്നു. ജ്ഞാനത്തിന്റെ കാര്യങ്ങളേ ബോധത്തിൽ വരുന്നില്ല. ഇങ്ങനെയും ചൊല്ലുണ്ട് വീട്ടിലെ ഗംഗക്ക് മഹത്വം വെക്കാറില്ല. വീട്ടിലെ വസ്തുവിന് ഇത്രയും മഹത്വം വെക്കുന്നില്ല. കൃഷ്ണന്റെ വിഗ്രഹം വീട്ടിലുമുണ്ട് പിന്നെന്തിനാണ് ശ്രീനാഥിലേക്കെല്ലാം ഇത്രയും ദൂരെ–ദൂരേക്ക് പോകുന്നത്. ശിവന്റെ ക്ഷേത്രത്തിലാണെങ്കിലും കല്ലിന്റെ തന്നെ ലിംഗങ്ങളാണ്. കല്ല് പർവ്വതത്തിൽ നിന്നാണ് വരുന്നത്, അത് ഉരുണ്ടുരുണ്ട് ലിംഗമായിത്തീരുന്നു, അതിൽത്തന്നെ ചില കല്ലുകളിൽ സ്വർണ്ണവും അടങ്ങിയിട്ടുണ്ടായിരിക്കും. പറയാറുണ്ട് കൈലാസ പർവ്വതം സ്വർണ്ണത്തിന്റേതാണ്. സ്വർണ്ണം പർവ്വതങ്ങളിൽ നിന്നല്ലേ ലഭിക്കുന്നത്. അതുകൊണ്ട് അൽപാൽപം സ്വർണ്ണം കലർന്ന കല്ലും ഉണ്ട് അത് പിന്നീട് വളരെ നല്ല–നല്ല ഗോളാകൃതിയാകുന്നു, അതാണ് പിന്നീട് വിൽക്കുന്നത്. മാർബിളിന്റേതും വിശേഷിച്ചും ഉണ്ടാക്കുന്നുണ്ട്. എന്നാൽ നിങ്ങളിപ്പോൾ ഭക്തിമാർഗ്ഗത്തിലുള്ളവരോട് എന്തിനാണ് നിങ്ങൾ പുറമെ ഇത്രയും അലയുന്നത് എന്ന് പറഞ്ഞാൽ അപ്പോൾ കാര്യം വഷളാകും. ബാബ സ്വയം പറയുകയാണ് നിങ്ങൾ കുട്ടികൾ ധാരാളം പണം പാഴാക്കിയിട്ടുണ്ട്. നിങ്ങൾ കബളിപ്പിക്കപ്പെടേണ്ടതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഇത് ജ്ഞാനത്തിന്റേയും ഭക്തിയുടേയും കളി തന്നെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മുഴുവൻ ജ്ഞാനവും ലഭിച്ചിരിക്കുന്നു. ജ്ഞാനമാണ് സുഖത്തിലേക്കുള്ള വഴി, ജ്ഞാനത്തിലൂടെയാണ് സത്യയുഗത്തിന്റെ രാജപദവി ലഭിക്കുന്നത്. ഈ സമയം രാജാവും, റാണിയും അതുപോലെ പ്രജകളും എല്ലാവരും നരകത്തിന്റെ അധികാരികളാണ്. എപ്പോൾ ആരെങ്കിലും മരിക്കുന്നോ അപ്പോൾ പറയുന്നു സ്വർഗ്ഗവാസിയായി. ഇപ്പോൾ നിങ്ങൾ ഈ കാര്യങ്ങളെ മനസ്സിലാക്കിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ പറയുന്നു ഞങ്ങൾ സ്വർഗ്ഗവാസിയാകുന്നതിന് വേണ്ടി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന ബാബയുടെ അടുത്തിരിക്കുകയാണ്. ജ്ഞാനത്തിന്റെ തുള്ളി ലഭിക്കുന്നു. ജ്ഞാനം അൽപമെങ്കിലും കേട്ടിട്ടുണ്ടെങ്കിൽ സ്വർഗ്ഗത്തിൽ തീർച്ചയായും വരും, ബാക്കിയെല്ലാം പുരുഷാർത്ഥത്തിലാണ്. ഗംഗാജലത്തിന്റെ ഒരു കപ്പെങ്കിലും വായിലൊഴിക്കുന്നതിലൂടെ പതിതത്തിൽ നിന്ന് പാവനമായി മാറുന്നു എന്നാണ് മനസ്സിലാക്കുന്നത്. മൊന്ത നിറച്ച് കൊണ്ട് പോകുന്നു എന്നിട്ട് ദിവസവും ഓരോരോ തുള്ളി വെള്ളത്തിൽ ചേർത്ത് കുളിക്കുന്നു. അപ്പോഴത് ഗംഗാ സ്നാനം പോലെയായി. വിദേശത്തേക്ക് പോലും ഗംഗാ ജലം നിറച്ച് കൊണ്ട് പോകുന്നു. ഇതെല്ലാമാണ് ഭക്തി.

ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു കുട്ടികളേ മായ വളരെ ശക്തിയോടെ പ്രഹരിക്കുന്നു, വികർമ്മം ചെയ്യിക്കുന്നു അതുകൊണ്ട് കച്ചേരി നടത്തൂ, സ്വയം തന്നെ തന്റെ കോടതി കൂടുന്നത് നല്ലതാണ്. സ്വയം നിങ്ങളാണ് നിങ്ങൾക്ക് രാജ്യതിലകം നൽകുന്നത് അതുകൊണ്ട് തന്നെ സ്വയം പരിശോധിക്കണം. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകണം. ബാബ ശ്രീമതം നൽകുന്നു ഇങ്ങനെയിങ്ങനെ ചെയ്യൂ, ദൈവീകഗുണം ധാരണ ചെയ്യൂ. ആര് ചെയ്യുന്നോ അവർ നേടും. നിങ്ങൾക്കാണെങ്കിൽ സന്തോഷത്താൽ രോമാഞ്ചമുണ്ടാകണം. പരിധിയില്ലാത്ത ബാബയെ ലഭിച്ചിരിക്കുന്നു, ആ ബാബയുടെ സേവനത്തിൽ സഹായിയാകണം. അന്ധരുടെ ഊന്നുവടിയാകണം. എത്രകൂടുതലാകുന്നോ, അത്രയും തന്റെ തന്നെ മംഗളമുണ്ടാകും. ബാബയെ നിരന്തരം ഓർമ്മിക്കണം. ഉറച്ച് ഒരിടത്തു തന്നെ ഇരിക്കേണ്ടതില്ല. നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മിക്കണം.ട്രെയിനിലും നിങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കും. നിങ്ങൾക്ക് ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും അതായത് ഉയർന്നതിലും ഉയർന്നത് ആരാണ്? അവരെ ഓർമ്മിക്കൂ. സമ്പത്ത് അവരിൽ നിന്ന് മാത്രമാണ് ലഭിക്കുക. ആത്മാവിന് ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്താണ് ലഭിക്കുന്നത്. ആരെങ്കിലും ദാന-പുണ്യം ചെയ്യുന്നതിലൂടെ രാജാവിന്റെയടുത്ത് ജന്മമെടുക്കുന്നു അതും അൽപകാലത്തേക്കാണ്. സദാ രാജാവാകാൻ സാധിക്കില്ല. എന്നാൽ ബാബ പറയുന്നു ഇവിടെ 21 ജന്മം ഗ്യാരണ്ടിയാണ്. അവിടെ ഇത് അറിയില്ല അതായത് നമ്മൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് സമ്പത്തെടുത്താണ് വന്നിരിക്കുന്നത്. ഈ ജ്ഞാനം ഈ സമയം നിങ്ങൾക്ക് ലഭിക്കുമ്പോൾ എത്ര നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യണം. പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ തന്റെ കാലിൽ തന്നെ കോടാലി കൊണ്ട് വെട്ടുന്നത് പോലെയാണ്. ചാർട്ടെഴുതിക്കൊണ്ടിരിക്കുകയാണെങ്കിൽ പേടിയുണ്ടായിരിക്കും. ചിലകുട്ടികൾ എഴുതുന്നുമുണ്ട്, ബാബ കാണുകയാണെങ്കിൽ എന്ത് പറയും. സ്വഭാവത്തിലും പെരുമാറ്റത്തിലും വളരെയധികം വ്യത്യാസമുണ്ടായിരിക്കും. അതുകൊണ്ട് ബാബ പറയുന്നു തെറ്റുകളെ ഉപേക്ഷിക്കൂ. ഇല്ലെങ്കിൽ വളരെയധികം പശ്ചാത്തപിക്കേണ്ടി വരും. അവസാനം തന്റെ പുരുഷാർത്ഥത്തിന്റെ സാക്ഷാത്ക്കാരം തീർച്ചയായും ഉണ്ടാകും പിന്നീട് വളരെയധികം കരയേണ്ടി വരും. എന്താ കൽപ-കൽപം ഈ സമ്പത്ത് ലഭിക്കുമോ. പോയി ദാസനും-ദാസിയുമാകും. മുൻപാണെങ്കിൽ സൂക്ഷ്മവതനത്തിൽ കൊണ്ടുപോയി കേൾപ്പിച്ചിരുന്നു - ഇവർ ദാസിയാണ്, ഇന്നതാണ്. പിന്നീട് ബാബ ബന്ദ് ചെയ്തു. അന്തിമത്തിൽ വീണ്ടും നിങ്ങൾ കുട്ടികൾക്ക് സാക്ഷാത്ക്കാരമുണ്ടാകും. സാക്ഷാത്ക്കാരമില്ലാതെ എങ്ങനെ ശിക്ഷ ലഭിക്കും. നിയമം തന്നെയില്ല.

കുട്ടികൾക്ക് വളരെയധികം യുക്തികളും മനസ്സിലാക്കിത്തരുന്നു നിങ്ങൾ തന്റെ പതിയോട് പറയൂ, ബാബ പറയുന്നു കുട്ടികളേ കാമം മഹാശത്രുവാണ്, ഇതിന്റെ മേൽ വിജയം നേടൂ. ഇപ്പോൾ നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയാകണോ അതോ താങ്കൾ കാരണം അപവിത്രമായി നരകത്തിലേക്ക് പോകണോ. വളരെ സ്നേഹത്തോടും നമ്രതയോടും കൂടി മനസ്സിലാക്കിക്കൊടുക്കൂ. എന്നെ എന്തിനാണ് നരകത്തിലേക്ക് തള്ളിയിടുന്നത്. ഇങ്ങനെ ധാരാളം പെൺമക്കളുണ്ട് - മനസ്സിലാക്കിക്കൊടുത്ത് മനസ്സിലാക്കിക്കൊടുത്ത് അവസാനം പതിയെയും കൊണ്ട് വരുന്നു. പിന്നീട് പതി പറയുന്നു ഇവരെന്റെ ഗുരുവാണ്, ഇവർ എനിക്ക് വളരെ നല്ല വഴി പറഞ്ഞ് തന്നു. ബാബയുടെ മുന്നിൽ കാൽക്കൽ പോയി വീഴുന്നു. ഇടക്ക് ജയവും ഇടക്ക് പരാജയവും സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികൾക്ക് വളരെ-വളരെ മധുരമാകണം. ആര് സേവനം ചെയ്യുന്നുവോ അവർ പ്രിയപ്പെട്ടതായിരിക്കും. ഭഗവാനായ ബാബ വന്നിരിക്കുന്നു കുട്ടികളുടെയടുത്ത്, ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം. ശ്രീമതത്തിലൂടെ നടക്കാത്തതിനാൽ കൊടുങ്കാറ്റടിക്കുന്നതിലൂടെ വീണ് പോകുന്നു. ഇങ്ങനെയുള്ളവരുമുണ്ട് - അവരെ പിന്നെന്തിന് പറ്റും. ഈ പഠിത്തം സാധാരണമായ ഒന്നല്ല മറ്റ് സത്സംഗങ്ങളിലെല്ലാമുള്ളത് - കർണ്ണരസമാണ്, അതിലൂടെ അൽപകാലത്തെ സുഖമാണ് ലഭിക്കുന്നത്. ബാബ സുഖ-ശാന്തിയുടെ സാഗരനാണ്, നമുക്കും ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കണം. സേവനം ചെയ്യണം അപ്പോഴാണ് ലഭിക്കുക, അതുകൊണ്ട് ബാഡ്ജ് സദാ ഉണ്ടായിരിക്കണം. നമുക്ക് ഇതുപോലെ സർവ്വഗുണസമ്പന്നരാകണം. പരിശോധിക്കണം ഞാൻ ദുഃഖമൊന്നും ആർക്കും നൽകുന്നില്ലല്ലോ? ആസുരീയമായ പെരുമാറ്റമൊന്നും നടത്തുന്നില്ലല്ലേ? മായ ഇങ്ങനെയുള്ള ജോലിയാണ് ചെയ്യിക്കുന്നത് കാര്യമേ പറയണ്ട. നല്ല-നല്ല ഗൃഹസ്ഥികളും പറയുന്നു, മായ ഇന്ന വികർമ്മം ചെയ്യിച്ചു. ചിലർ സത്യം പറയുന്നു, ചിലർ സത്യം പറയാത്തതിലൂടെ നൂറിരട്ടി ശിക്ഷ നേടിയെടുക്കുന്നു. പിന്നീട് ആ ശീലം വളർന്നുകൊണ്ടിരിക്കും. ബാബയെ കേൾപ്പിക്കുകയാണെങ്കിൽ ബാബ ജാഗ്രതപ്പെടുത്തും. ബാബ പറയുന്നു പാപം ചെയ്തിട്ടുണ്ടെങ്കിൽ രജിസ്റ്ററിൽ എഴുതുകയും ബാബയോട് പറയുകയും ചെയ്യുകയാണെങ്കിൽ പകുതി സമാപ്തമാകും. കേൾപ്പിക്കാതെ, ഒളിപ്പിച്ചു വെക്കുകയാണെങ്കിൽ വീണ്ടും ചെയ്തുകൊണ്ടേയിരിക്കും. ശാപം ലഭിക്കുന്നു. പറയാത്തതു കാരണം ഒരു പ്രാവശ്യത്തിന് പകരം 100 പ്രാവശ്യം ചെയ്തുകൊണ്ടിരിക്കും. ബാബ എത്ര നല്ല നിർദ്ദേശമാണ് നൽകുന്നത് എന്നാൽ ചിലർക്ക് അൽപം പോലും പ്രഭാവമുണ്ടാകുന്നില്ല. തന്റെ ഭാഗ്യത്തെ ചവിട്ടിത്തെറിപ്പിക്കുന്നത് പോലെയാണ്. വളരെ വളരെ നഷ്ടമു

ണ്ടാക്കുന്നു. അവസാനം എല്ലാവർക്കും സാക്ഷാത്ക്കാരം ഉണ്ടാകും. ഇന്ന-ഇന്നതാകും, ക്ലാസിൽ നിന്ന് ട്രാൻസ്ഫറാകുമ്പോൾ മാർക്ക് വരാറില്ലേ. ട്രാൻസ്ഫറാകുന്നതിന് മുൻപ് റിസൽട്ട് വരുന്നു. നിങ്ങളും നിങ്ങളുടെ ക്ലാസ്സിലേക്ക് പോകുമ്പോൾ മാർക്ക് വെളിപ്പെടും വളരെ ഉച്ചത്തിൽ കരയും. പിന്നീട് എന്ത് ചെയ്യാൻ സാധിക്കും? ഫലം വന്നു കഴിഞ്ഞില്ലേ. ഭാഗ്യത്തിൽ എന്തുണ്ടായിരുന്നോ അത് നേടിയെടുത്തു. ബാബ എല്ലാകുട്ടികളെയും ജാഗ്രതപ്പെടുത്തുകയാണ്. ഇപ്പോൾ കർമ്മാതീത അവസ്ഥ ഉണ്ടാകില്ല. കർമ്മാതീത അവസ്ഥ ഉണ്ടായാൽ പിന്നീട് ശരീരം ഉപേക്ഷിക്കേണ്ടി വരും, ഇപ്പോഴും ഏതെങ്കിലുമെല്ലാം വികർമ്മം അവശേഷിക്കുന്നുണ്ട്, കണക്കുകളുണ്ട് അതുകൊണ്ടാണ് പൂർണ്ണമായ യോഗമില്ലാത്തത്. ഞാൻ കർമാതീത അവസ്ഥയിലാണെന്ന് പറയാൻ ഇപ്പോൾ ആർക്കും സാധിക്കില്ല. സമീപത്തേക്ക് വരുന്നതിലൂടെ പിന്നീട് വളരെയധികം ലക്ഷണങ്ങൾ കാണപ്പെടും. മുഴുവൻ ആധാരവും നിങ്ങളുടെ അവസ്ഥയും അതുപോലെ വിനാശത്തിലാണ്. നിങ്ങളുടെ പഠിത്തം പൂർത്തിയാകാറാകുമ്പോൾ പിന്നീട് യുദ്ധം തലക്ക് മുകളിൽ നിൽക്കുന്നത് കാണാൻ സാധിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടുകൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയഅച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) മായക്ക് വശപ്പെട്ട് ഒരു ആസുരീയ പെരുമാറ്റവും നടത്തരുത്. തന്റെ പെരുമാറ്റത്തിന്റെ രജിസ്റ്റർ വെക്കണം. പശ്ചാത്തപിക്കേണ്ടി വരുന്ന ഒരു കർമ്മവും ചെയ്യരുത്.

2) വളരെ-വളരെ സ്നേഹത്തോടും നമ്രതയോടും കൂടി സേവനം ചെയ്യണം. മധുരമാകണം. വായിൽ നിന്ന് ആസുരീയമായ വാക്കുകൾ വരരുത്. കൂട്ടുകെട്ട് വളരെ-വളരെ സൂക്ഷിക്കണം. ശ്രീമതത്തിലൂടെ നടന്നുകൊണ്ടേയിരിക്കണം.

## വരദാനം- സംഘടിതരൂപത്തിൽ ഏകരസസ്ഥിതിയുടെ അഭ്യാസത്തിലൂടെ വിജയത്തിന്റെ പെരുമ്പറ മുഴക്കുന്ന എവർറെഡിയായി ഭവിക്കട്ടെ.

എപ്പോഴാണോ എല്ലാവരുടേയും എല്ലാസങ്കൽപങ്ങളും ഒന്നുചേർന്ന് ഒരൊറ്റസങ്കൽപമായി മാറുന്നത് അപ്പോൾ വിശ്വത്തിൽ വിജയത്തിന്റെ പെരുമ്പറ മുഴങ്ങാൻ തുടങ്ങും.സംഘടിതരൂപത്തിൽ എല്ലാവരും ഒരു സെക്കന്റിൽ ഏകരസസ്ഥിതിയിൽ സ്ഥിതിചെയ്യുന്നതിനേയാണ് എവർറെഡി എന്ന് പറയുന്നത്.ഒരു സെക്കന്റിൽ ഏകമതം,ഏകരസസ്ഥിതി, ഒരൊറ്റ സങ്കൽപം എന്നിവയിൽ സ്ഥിതി ചെയ്യുന്നതിന്റെ ഉദാഹരണവും കാണിച്ചുതന്നിട്ടുണ്ട്. വിരൽ കൊണ്ട് കലിയുഗമാകുന്ന പർവതത്തെ ഉയർത്താനാകുന്നതുപോലെ സംഘടിതരൂപത്തിൽ ഏകരസസ്ഥിതി ഉണ്ടാക്കുന്നതിന്റെ അഭ്യാസം ചെയ്യുകയാണെങ്കിൽ അപ്പോൾ വിശ്വത്തിൽ ശക്തിസേനയുടെ പേര് പ്രസിദ്ധമാകാൻ തുടങ്ങും.

## സ്ലോഗൻ-ശ്രേഷ്ഠപുരുഷാർഥത്തിൽ ക്ഷീണിക്കുന്നതും അലസതയുടെ അടയാളമാണ്.

### അവ്യക്തസൂചന-സ്വയത്തിനുവേണ്ടിയും സർവ്വർക്കുവേണ്ടിയും മനസ്സുകൊണ്ട് യോഗത്തിന്റെ ശക്തികളുടെ പ്രയോഗം ചെയ്യൂ.

താങ്കൾക്ക് തന്റെ ആത്മീയദൃഷ്ടിയിലൂടെ സ്വന്തം സങ്കൽപങ്ങളെ യാഥാർത്ഥ്യമാക്കാൻ കഴിയും.തന്ത്രമന്ത്രങ്ങൾ ചെയ്യുന്നവർക്ക് അൽപകാലപ്രാപ്തികൾ ഉണ്ടാകുന്നു.എന്നാൽ ഓർമ്മയുടെ വിധിയിലൂടെ സങ്കൽപങ്ങളേയും കർമ്മങ്ങളേയും യാഥാർത്ഥ്യമാക്കുന്നത് അവിനാശി സിദ്ധിയാണ്.അവർ തന്ത്രമന്ത്രങ്ങളെ ഉപയോഗിക്കുന്നു എന്നാൽ താങ്കൾ ഓർമ്മയുടെ വിധിയിലൂടെ സങ്കൽപങ്ങളേയും കർമ്മങ്ങളേയും യാഥാർത്ഥ്യമാക്കുന്ന സിദ്ധി പ്രാപ്തമാക്കുന്നു.